<u>ഭരണഭാഷ – മാതൃഭാഷ</u>

പൊതു വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ന്യൂ ബിൽഡിങ്സ്
ഉള്ളൂർ ലെയിൻ
ജഗതി
തിരുവനന്തപുരം-14
e-mail:**cgacdhse@gmail.com**
phone no:**0471-2580737**

സി.ജി.എ.സി-1/15491/2025/എച്ച്.എസ്.ഇ. തീയതി: 12-11-2025

<u>പരിപത്രം</u>

വിഷയം:- പൊ.വി.വ-സി.ജി.എ.സി-ദിശ ഹയർ സ്റ്റഡീസ് എക്സ്പോ 2025-26-വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന :- G.O (Rt) 3860/2025/G.Edn dated : 16-06-2025

പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കൻഡറി വിഭാഗം 2025 നവംബർ 20 മുതൽ 24 വരെ DISHA ഹയർ സ്റ്റഡീസ് എക്സ്പോ എന്ന പേരിൽ കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ ഹയർ സ്റ്റഡീസ് എക്സ്പോ സംഘടിപ്പിക്കുന്നു. 80 സ്റ്റാളുകളിലായി ഇന്ത്യയിലെ ഏറ്റവും മികച്ച യൂണിവേഴ്സിറ്റികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇതിൽ പങ്കെടുക്കുന്നു. ഹയർ സെക്കന്ററിക്ക് ശേഷമുള്ള ഉപരിപഠന അവസരങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മാർഗനിർദ്ദേശം നൽകുന്നതിനായി സംഘടിപ്പിക്കുന്ന ശ്രദ്ധേയമായ ഒരു വിദ്യാഭ്യാസ മേളയാണ് 'ദിശ ഹയർസ്റ്റഡീസ് എക്സ്പോ'.

ദിശയിൽ കരിയർ സെമിനാറുകളും ഇന്ത്യയിലെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്റ്റാളുകളും ഒരുക്കിയിരിക്കുന്നു .രാജ്യത്തെ മികച്ച യൂണിവേഴ്സിറ്റി കളേയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളേയും പങ്കെടുപ്പിച്ച് കൊണ്ടുള്ള എക്സിബിഷനുകളാണ് സംഘടിപ്പിച്ചിട്ടുള്ളത്. ദേശീയ പ്രാധാന്യമുള്ള എൺപതോളം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ദിശയിൽ പങ്കെടുക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന ദേശീയ നിലവാരമുള്ള സ്ഥാപനങ്ങളുടെ ക്യാമ്പസുകൾ, കോഴ്സുകൾ, പഠനരീതി, പ്രവേശന നടപടികൾ, തൊഴിൽ സാദ്ധ്യതകൾ എന്നിവയെക്കുറിച്ചെല്ലാം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വിദ്യാഭ്യാസ പ്രവർത്തകർക്കും സർവ്വോപരി പൊതുജനങ്ങൾക്കും നേരിട്ടറിയാൻ അവസരമൊരുക്കുന്നു.

National Institute of Technology Calicut, Indian Institute of Management (IIM-K), IISER, Indian Institute of Craft and Design Jaipur, Tata Institute of Social Science (TISS) Bombay Indian Naval Academy Ezhimala, Regional Institute of Education Mysure, Central Leather Research Institute of Chennai, Sree Narayana Guru Open University, IGNOU, NIFT Kannur, NUALS, The Institute. of Company secretaries of India, Central University of Kerala, APJ Abdul Kalam Technological University, Media Academy, Rajiv Gandhi Academy For Aviation Technology, Kerala University of Digital Science, Sree Sankaracharya University of Sankskrit. Lakshmi Bhai National College of Physical Education, Institute of Cost Accounts of India, NIELIT, Central

Institute of Plastic Technology, Indian Institute of Handloom Technology, Indian Institute of Space Technology, Aligarh Muslim University, All India Institute of Speech and Hearing Mysore, National Institute of Speech and Hearing, Indian Institute of Packaging Bombay, NID Andraprdesh, Central Institute of Fisheries, IIT Madras, Indian Institute of Cost Accounts, National Career Center for Differently Abled Trivandrum, Indian Institute of Hotel Management and Catering Technology, Kerala Vetenary and Animal Sciences, Food Craft Institute, Nursing Institute, Pharmacy College, Fine Arts College and Chembai Music College തുടങ്ങിയ ദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും Cochin University for Science & Technology, Kerala Kalamandalam, Malayalam University, Calicut University, Kannur University തുടങ്ങിയ കേരളത്തിലെ പ്രമുഖ സർവ്വകലാശാലകളുമടക്കം ഒരു കുടക്കീഴിൽ ഒത്തു ചേരുന്ന ഉന്നത വിദ്യാഭ്യാസ പ്രദർശനത്തിൽ എത്തിച്ചേരുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന ഹയർസെക്കൻററി വിദ്യാഭ്യാസ വകുപ്പ് ദീർഘകാല ഗവേഷണത്തിലൂടെ വികസിപ്പിച്ച K-DAT എന്ന അഭിരുചി നിർണ്ണയ പരീക്ഷയെ പരിചയപ്പെടാനും മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് അതിൽ പങ്കെടുക്കുവാനുമുള്ള അവസരവും ഒരുക്കിയിട്ടുണ്ട്.

ഇതിനോട് അനുബന്ധിച്ച് വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച വ്യക്തികളും കരിയർ മേഖലയിലെ വിദഗ്ധരും നയിക്കുന്ന സെമിനാറുകൾ 2025 നവംബർ 20 മുതൽ 24 വരെ രാവിലെ 9.30 മുതൽ വൈകുന്നേരം 5.00 മണി വരെ നടത്തപ്പെടുന്നതാണ്. സിവിൽസർവ്വീസ്, ഫോട്ടോഗ്രഫി, സിനിമ, ലിറ്ററേച്ചർ, വിദേശപഠനം, ഡിസൈൻ, മീഡിയ,സ്പോർട്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്,ഡിഫൻസ്, 21st സെഞ്ചറി സ്കിൽസ്,പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള തുടർപഠന തൊഴിൽ സാധ്യതകൾ തുടങ്ങി വിവിധ മേഖലകളെ കുറിച്ച് വിദഗ്ധരുടെ ഒരു പാനൽ വിദ്യാർത്ഥികളുമായി ദിശ സെമിനാറിൽ സംവദിക്കുന്നതാണ്.

സംസ്ഥാനത്തെ പത്ത്, പ്ലസ്- വൺ,പ്ലസ്-ടു ക്ലാസുകളിലെ വിദ്യാർത്ഥികളെ ദിശ ഹയർസ്റ്റഡീസ് എക്സ്പോയിൽ പങ്കെടുപ്പിക്കുന്നതിന് പ്രിൻസിപ്പാൾമാർ വേണ്ട സൗകര്യം ഒരുക്കേണ്ടതും, എക്സ്പോയിൽ പങ്കെടുക്കുന്നതിന് ഇതോടൊപ്പം നൽകുന്ന (www.dishaexpo.in) ലിങ്കിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്നും അറിയിക്കുന്നു. ആർ.ഡി.ഡി,ഡി.ഡി,എ.ഡി മാർ പ്രസ്തുത പ്രോഗ്രാമുകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ സ്കൂൾ തലത്തിൽ നടത്തുന്നുണ്ടെന്നും കുട്ടികളെ പങ്കെടുപ്പിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

Signed by
Umesh N S K
Date: 12-11-2025 20:21:19

DIRECTOR
പൊതുവിദ്യാഭ്യാസ ഡയറക്ടർ